# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 5659*

*27/03/2018-ലെ മറുപടി*

### ഉൾനാടൻ ജലഗതാഗത മേഖല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. കെ.ജെ. മാക്സി | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) ഉൾനാടൻ ജലഗതാഗത മേഖലയുടെ സാധ്യതയെകുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ; | (എ) പഠനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിലെ വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (NATPAC) ആണ് നടത്തിയിട്ടുള്ളത്. സാദ്ധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കൊല്ലം - കോട്ടപ്പുറം റീച്ച് (74.18 കി.മീ. മുതൽ 242.18 കി.മീ.) കോട്ടപ്പുറം - കോഴിക്കോട് റീച്ച് (242.18 കി.മീ. മുതൽ 402.18 കി.മീ.) എന്നിവ ദേശീയജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിനായി ഇൻലാന്റ് നാഷണൽ വാട്ടർവേ അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുത്ത് വികസനപ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ കോവളം - ആക്കുളം റീച്ച് (0 കി.മീ. മുതൽ 16.045 കി.മീ.) ആക്കുളം - കൊല്ലം റീച്ച് (16.045 കി.മീ. മുതൽ 74.18 കി.മീ.) കോഴിക്കോട് - നീലേശ്വരം റീച്ച് (402.18 കി.മീ. മുതൽ 590 കി.മീ.) എന്നീ ഭാഗങ്ങൾ സംസ്ഥാന ജലപാതയായി വികസിപ്പിച്ചുവരുന്നു. |

(ബി) ഇടിനാടൻ ജലപാതയുമായി ബന്ധപ്പെട്ട് റോഡ്-ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

(ബി) സംസ്ഥാന ജലപാതയുടെ പാർശ്വങ്ങളിൽ സ്ഥലം ലഭ്യമായ ഒട്ടുമിക്ക ഇടങ്ങളിലും ഇതിനകം ഇൻസ്പെക്ഷൻ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. മറ്റിടങ്ങളിലും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഇൻസ്പെക്ഷൻ റോഡുകൾ നിർമ്മിക്കുന്നതിനും കനാലിലെ ടൂറിസം അമിനിറ്റി സെന്റർ, ബോട്ട് ജെട്ടികൾ, കാർഗോ ടെർമിനലുകൾ എന്നിവയെ റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് ലിങ്ക് റോഡുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**